

# ബി എൽ ഒ
# ഇ-പത്രിക





## ആറാം വാല്യം




വോട്ടർ ഹെൽപ് ലൈൻ, സിവിജിൽ, സാക്ഷം, 1950 എന്നിങ്ങനെയുള്ള അപ്ളിക്കേഷനുകളെ അടയാളപ്പെടുത്തുന്ന ജീവസ്സുറ്റ കഥാപാത്രങ്ങളായി ആനിമേഷനുകൾ മാറുന്നു.






**നിങ്ങളുടെ അപേക്ഷയുടെ നിലവിലെ സ്റ്റാറ്റസ് പരിശോധിക്കാം.**

വോട്ടർമാർക്ക് അവരുടെ വോട്ടർ രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ അറിയുന്നതിനോടൊപ്പം പോളിങ് ബൂത്ത് സ്ഥിതി ചെയ്യുന്ന സ്ഥലവും കണ്ടുപിടിക്കാം.

വോട്ടർ പട്ടിക പരിശോധിക്കാം വോട്ടർമാർക്ക് അവരുടെ പേരും മറ്റു വിവരങ്ങളും വോട്ടർ പട്ടികയിൽ നോക്കി ഉറപ്പുവരുത്തുവാനും തങ്ങളുടെ മണ്ഡലത്തിന്റെയും പോളിങ് ബൂത്തിന്റെയും വിവരങ്ങൾ അറിയുവാനും സാധിക്കും.


## പരാതി സമർപ്പിക്കൽ:

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിയമവിരുദ്ധ പ്രവർത്തികൾ, അന്യായങ്ങൾ അല്ലെങ്കിൽ നിങ്ങൾക്ക് അഭിമുഖീകരിക്കേണ്ടി വന്ന മറ്റേതെങ്കിലും പ്രശ്നത്തെക്കുറിച്ചും പരാതിപ്പെടാം.




## വോട്ടർ ഐഡി കാർഡിനായുള്ള അപേക്ഷ

VHA വഴി നിങ്ങൾക്ക് പുതിയ വോട്ടർ ഐഡികാർഡിനായി അപേക്ഷ സമർപ്പിക്കുവാനും കൈവശമുള്ള കാർഡിൽ തിരുത്തലുകൾ വരുത്തുവാനും സാധിക്കും.




## സംശയങ്ങൾ ചോദിക്കാം

തിരഞ്ഞെടുപ്പ് സംബന്ധമായ നിങ്ങളുടെ സംശയങ്ങൾ VHAയിലൂടെ ദൂരീകരിക്കാം.





എല്ലാവർക്കും നമസ്ക്കാരം.
എന്റെ പേര് സിവിജിൽ (C-Vigil), നിങ്ങളുടെ ജാഗരൂഗനായ കാവലാൾ. തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടങ്ങളുടെ ഏതെങ്കിലും തരത്തിലുള്ള ലംഘനം ശ്രദ്ധയിൽ പെട്ടാൽ നിങ്ങൾക്ക് സിവിജിൽ ആപ്പ് വഴി പരാതിപ്പെടാവുന്നതാണ്. നിയമവിരുദ്ധ പ്രവർത്തനങ്ങളുടെ ഫോട്ടോ, വീഡിയോ, ശബ്ദശകലം തുടങ്ങിയവ തെളിവുകളാക്കി നമുക്കൊന്നായി നീതിപൂർവമായ തിരഞ്ഞെടുപ്പ് ഉറപ്പു വരുത്താം. നിങ്ങളുടെ ശബ്ദവും മുഴങ്ങി കേൾക്കട്ടെ!

ക്രമക്കേടുകൾ ശ്രദ്ധയിൽ പെടുത്താം: നിയമവിരുദ്ധ പ്രവർത്തനങ്ങളുടെയും ചട്ടലംഘനങ്ങളുടെയും ഫോട്ടോ, വീഡിയോ, ശബ്ദശകലങ്ങൾ തുടങ്ങിയവ ആപ്പ് വഴി റിക്കാഡ് ചെയ്ത് പരാതി സമർപ്പിക്കാവുന്നതാണ്.



രഹസ്യസ്വഭാവം
പരാതിപ്പെടുന്ന ആളുടെ സ്വകാര്യതയും സുരക്ഷയും മുൻനിർത്തി വ്യക്തിവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും.



തത്സമയ പരാതി പരിഹരണ സംവിധാനം:
സിവിജിൽ ആപ്പ് വഴി സമർപ്പിക്കപ്പെടുന്ന പരാതികൾ ബന്ധപ്പെട്ട അധികാരികൾ പരിശോധിച്ച് സത്വര നടപടികൾ സ്വീകരിക്കുന്നതായിരിക്കും.





എന്റെ സമ്പർക്കമുഖം കൂടുതൽ ഉപഭോക്തൃസൗഹൃദമാക്കിയിരിക്കുന്നു. ഉപയോക്താവിന് ആവശ്യാനുസരണം മാറ്റങ്ങൾ വരുത്തി ആപ്പ് ഉപയോഗിക്കാൻ സാധിക്കും. സ്ക്രീൻ റീഡർ, ടെക്സ്റ്റ് ടു സ്പീച്ച്, കൂടാതെ ഇഷ്ടത്തിനനുസരിച്ച് ദൃശ്യങ്ങളുടെ വലിപ്പവും നിറങ്ങളും ക്രമീകരിക്കാനുള്ള സൗകര്യവും ഉൾപ്പെടുത്തിയിരിക്കുന്നു. എന്തൊക്കെയാണ് എന്റെ സേവനങ്ങൾ എന്ന് നോക്കാം.



## സാക്ഷം ആപ്പിന്റെ സവിശേഷതകൾ

1. പുതിയ വോട്ടർ ഐഡിക്കായി രജിസ്റ്റർ ചെയാം.
2. ഭിന്നശേഷിക്കാരെ അടയാളപ്പെടുത്താൻ
3. താമസസ്ഥലം/ മണ്ഡലം മാറാനുള്ള അപേക്ഷ.
4. പിഴവുകൾ തിരുത്താനുള്ള അപേക്ഷ
5. പേര് നീക്കം ചെയ്യുവാനുള്ള അപേക്ഷ
6. വോട്ടർ ഐഡിയുമായി ആധാർ ബന്ധിപ്പിക്കൽ
7. അപേക്ഷയുടെ നിലവിലെ സ്റ്റാറ്റസ് അറിയാം
8. വൈകല്യമുള്ള വ്യക്തികൾക്ക് ലഭിക്കുന്ന സേവനങ്ങൾ
9. വീൽ ചെയറിനായുള്ള അപേക്ഷ
10. യാത്രാവാഹനം ഏർപ്പാടാക്കുവാനുള്ള അപേക്ഷ
11. അധികാരികളുമായി ബന്ധപ്പെടാനുള്ള സൗകര്യം
12. സഹായത്തിനായുള്ള അപേക്ഷ
13. വോട്ടർ പട്ടികയിൽ പേരുണ്ടെന്ന് ഉറപ്പു വരുത്താം.
14. പോളിങ് സ്റ്റേഷൻ കണ്ടുപിടിക്കാം
15. ബൂത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം അറിയാം
16. സ്ഥാനാർത്ഥികളെ കുറിച്ചുള്ള വിവരങ്ങൾ
17. പരാതികൾ സമർപ്പിക്കാം.
18. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വാർത്തകൾ അറിയാം
19. പൊതുവായ സംശയങ്ങളും അവയുടെ ഉത്തരങ്ങളും.
20. ഗാലറി, ആപ്പിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട ഓഡിയോകളും വീഡിയോകളും.








**ബൂത്ത് തല ഉദ്യോഗസ്ഥന് ചുറ്റും ECI അപ്ളിക്കേഷനുകളുടെ കൗതുക കാഴ്ചകളിൽ വിസ്മയിച്ച് നിൽക്കുന്ന ആളുകൾ. ആവേശത്തോടെ അവർ സംശയ നിവർത്തി വരുത്തുന്നു.**


സ്മാർട്ട് ഫോൺ ഉപയോഗിക്കാൻ അറിയാത്ത നിരക്ഷരന്മാരെ എങ്ങനെ വോട്ടർ ഹെല്പ് ലൈൻ ആപ്പിന് സഹായിക്കാൻ സാധിക്കും?
അതൊരു നല്ല സംശയമാണ്. വോട്ടർ ഹെല്പ് ലൈൻ ആപ്പിൽ 'ആക്സ്സസിബിൾ വോട്ടർ സ്ലിപ്പ്' എന്നൊരു സംവിധാനം ഉണ്ട്. ഇത് വഴി ബൂത്ത് തല ഉദ്യോഗസ്ഥന് പ്രധാനപെട്ട എല്ലാ വിവരങ്ങളും അടങ്ങിയ വോട്ടർ സ്ലിപ്പ് പ്രിന്റ് ചെയ്തെടുക്കാൻ സാധിക്കും.
നിരക്ഷരരായ ആളുകൾക്ക് ഇത് പ്രിന്റ് ചെയ്ത് നൽകിയാൽ അവർക്ക് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിവരങ്ങളും തങ്ങളുടെ പോളിങ് ബൂത്ത് ഏതാണെന്നും എളുപ്പത്തിൽ മനസിലാക്കാൻ സാധിക്കും.
Election Commission of India
വോട്ടർ ഹെല്പ് ലൈൻ ആപ്പിലെ പ്രധാനപെട്ട ഭാഗങ്ങൾ
വോട്ടർ ഹെല്പ് ലൈൻ
ഡൗൺലോഡ്
ഇലക്ഷൻ
സെർച്ച് റിസൾട്സ്


ആരെങ്കിലും സിവിജിൽ ആപ്പ് ഉപയോഗിച്ച് മറ്റൊരാൾക്കെതിരെ തെറ്റായ ആരോപണം ഉന്നയിച്ചാൽ എന്ത് ചെയ്യും?
ന്യായമായ സംശയം! സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പാണ് സിവിജിൽ ആപ്പിന്റെ ആപ്തവാക്യം. ലഭിച്ച ഓരോ പരാതിയും തിരഞ്ഞെടുപ്പ് അധികാരികൾ സസൂക്ഷ്മം പരിശോധിക്കും. ആപ്പ് ഉത്തരവാദിത്തത്തോടെയാണ് ഉപയോഗിക്കപ്പെടുന്നതെന്ന് ഉറപ്പുവരുത്തുവാൻ തെറ്റായ പരാതികൾ നല്കിയവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കും.
ഒരു കാര്യം ഉറപ്പിക്കാം. ഓരോ പരാതിയും അവ അർഹിക്കുന്ന ഗൗരവത്തിൽ കൈകാര്യം ചെയ്യപ്പെട്ടിരിക്കും.
സിവിജിൽ ആപ്പ് ഉപയോഗിക്കേണ്ട വിധം.
അകൗണ്ട് വെരിഫിക്കേഷൻ (വ്യക്തിവിവരങ്ങളുടെ പരിശോധന)
ഫോട്ടോസ് & വീഡിയോസ്
PHOTO
VIDEO
ഓട്ടോ ലൊക്കേഷൻ കാപ്ചേർഡ് (ലൊക്കേഷൻ വിവരങ്ങൾ രേഖപ്പെടുത്തൽ)
സ്റ്റാറ്റസ്




**തിരഞ്ഞെടുപ്പ് വേളയിലും സാക്ഷം ആപ്പ് അംഗവൈകല്യമുള്ള വ്യക്തികളുടെ സഹായത്തിനെത്തും. വീൽചെയർ, റാംപ്, ബ്രെയിൽ ലിപി സംവിധാനങ്ങൾ തുടങ്ങിയവ സജ്ജീകരിച്ച പോളിങ് ബൂത്തുകളെ കുറിച്ചുള്ള വിവരങ്ങൾ ആപ്പ് വഴി ലഭ്യമാക്കും. ഏറ്റവും അടുത്തുള്ള പോളിങ് ബൂത്ത് കണ്ടെത്തുവാനും ആപ്പ് വഴി സാധിക്കും.**









തിരഞ്ഞെടുപ്പ് സംബന്ധമായ നിങ്ങളുടെ ഏതു സംശയങ്ങളും നേരിട്ട് തിരഞ്ഞെടുപ്പ് കമ്മീഷനോട് ചോദിക്കാനുള്ള നമ്പറാണ് 1950. വിവിധ ഭാഷകളിലുള്ള സേവനങ്ങൾ ഈ നമ്പറിൽ ലഭ്യമാണ്. മികച്ച പരിശീലനം ലഭിച്ച ഒരു സംഘമാണ് ഈ വിഭാഗം കൈകാര്യം ചെയ്യുന്നത്. രജിസ്ട്രേഷൻ, പോളിങ് ലൊക്കേഷൻ, സ്ഥാനാർത്ഥികളുടെ വിവരങ്ങൾ തുടങ്ങിയവ ഈ നമ്പറിൽ വിളിച്ച് ചോദിക്കാവുന്നതാണ്. സംശയങ്ങളും ആവലാതികളും പരിഹരിക്കാൻ ഈ നമ്പർ സഹായിക്കും. തിരഞ്ഞെടുപ്പ് പ്രക്രിയയിൽ നിങ്ങളുടെ സഹചാരികളായി ഈ വിദഗ്ധ സംഘം ഉണ്ടാവും.

ഡെഡിക്കേറ്റഡ് ഹെല്പ് ലൈൻ: അധികാരികളുമായി നേരിട്ട് ബന്ധപ്പെട്ട് തിരഞ്ഞെടുപ്പ് പ്രക്രിയ സംബന്ധമായ എല്ലാവിധ സഹായങ്ങൾ ലഭ്യമാക്കാനും സംശയദൂരീകരണത്തിനായും മറ്റു വിവരങ്ങൾ അറിയാനായും ഈ ഹെല്പ് ലൈൻ നമ്പർ ഉപകരിക്കും.

24/7 നിരന്തര സേവനം: ഈ ഹെല്പ് ലൈൻ സംവിധാനം 24 മണിക്കൂറും സജീവമായിരിക്കും. സഹായത്തിനായും സംശയ നിവാരണത്തിനായും ഏതു സമയത്തും ഈ നമ്പർ ഉപയോഗപ്പെടുത്താവുന്നതാണ്.


വിദഗ്ധരുടെ സേവനം: വിദഗ്ധ പരിശീലനം നേടിയ ഒരു കൂട്ടം ഉദ്യോഗസ്ഥരാണ് ഹെല്പ് ലൈൻ ഡെസ്ക് കൈകാര്യം ചെയ്യുന്നത്. വോട്ടർ രെജിസ്ട്രേഷൻ, പോളിങ് സ്റ്റേഷനുകൾ തുടങ്ങിയവയെ കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ ഇവർ നൽകും.








# ECI അപ്ലിക്കേഷൻ ഡൌൺലോഡ് ചെയ്യാനുള്ള മാർഗ്ഗം

നിങ്ങളുടെ സ്മാർട്ട്ഫോണിലെ ആപ്പ് സ്റ്റോർ തുറക്കുക. ആൻഡ്രോയിഡ് ഫോണിൽ ഇത് ഗൂഗിൾ പ്ലേ സ്റ്റോർ എന്ന പേരിലും ഐഫോണിൽ ആപ്പ് സ്റ്റോർ എന്ന പേരിലുമാണ് ഉണ്ടാവുക.




ആപ്പ് കണ്ടുപിടിക്കാൻ സാധിക്കുന്നില്ലെങ്കിൽ വിഷമിക്കേണ്ട! തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഔദ്യോദിക വെബ്സൈറ്റിൽ പോയി നേരിട്ട് ഡൌൺലോഡ് ചെയ്യാവുന്നതാണ്. **www.eci.gov.in** എന്ന സൈറ്റ് സന്ദർശിച്ച് 'മൊബൈൽ ആപ്സ്' വിഭാഗത്തിൽ പോയാൽ ഡൌൺലോഡ് ലിങ്കുകൾ കാണാൻ സാധിക്കും. ഈ ആപ്പുകൾ ഉപയോഗിക്കുവാൻ ഇന്റർനെറ്റ് ആവശ്യമാണ്. ഒന്നുകിൽ നിങ്ങളുടെ മൊബൈൽ ഒരു വൈഫൈയുമായി ബന്ധപ്പെടുത്തിയിരിക്കണം അല്ലെങ്കിൽ നിങ്ങളുടെ മൊബൈലിൽ ഇന്റർനെറ്റ് ഡാറ്റ ഉണ്ടായിരിക്കണം.

